# ജനകീയ സമരത്തിന് ശക്തിയുണ്ടെന്ന് പ്ലാച്ചിമട തെളിയിച്ചു

**പുതുശ്ശേരി ശ്രീനിവാസൻ**
(പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)

**1.** കൊക്കക്കോളയുടെ ദുഃസ്വാധീനങ്ങളെ പൂർണ്ണമായും പ്രതിരോധിക്കാൻ സമരത്തിന് കഴിയുന്നില്ല എന്ന് പറയുന്നത് ശരിയല്ല. ഭാഗികമായി മാത്രമാണ് ആ പ്രശ്നം നിലനിൽക്കുന്നത്. ചിദംബരത്തിന്റെയും സോണിയയുടെയും മേൽ കൊക്കക്കോളയ്ക്ക് സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ടാകാം. അത് സമരത്തിന്റെ ശക്തിക്കുറവ് കൊണ്ട് സംഭവിക്കുന്നതല്ല. കോർപ്പറേറ്റുകൾക്ക് സ്വാധീനം ചെലുത്താൻ കഴിയുന്ന തരത്തിലാണ് നമ്മുടെ ഭരണസംവിധാനം നിലനിൽക്കുന്നത് എന്നതാണ് പ്രശ്നം. കൊക്കക്കോള ചെലുത്തുന്ന ദുഃസ്വാധീനങ്ങൾ വേണ്ടത്ര തുറന്നുകാട്ടാൻ സമരത്തിന് കഴിഞ്ഞിട്ടില്ല എന്നത് വാസ്തവമാണ്.

**2.** സമരം ദുർബലമാണ് എന്ന വിലയിരുത്തലിൽ അപാകതയുണ്ട്. എന്ത് സമരമാർഗ്ഗം സ്വീകരിക്കണം എന്നകാര്യത്തിൽ നിലനിൽക്കുന്ന അവ്യക്തത സമരത്തിനെ ബാധിച്ചിട്ടുണ്ട്. ഉദാഹരണമായി പ്ലാച്ചിമടയുടെ ആസ്തികൾ കണ്ടുകെട്ടി ജയിലിൽ പോയ സമരം. അന്ന് കൊക്കക്കോളുടെ ഭൂമിയിൽ പ്രവേശിക്കേണ്ടതില്ല, പ്രതീകാത്മകമായി ഭൂമി പിടിച്ചെടുത്തതായി പ്രഖ്യാപിച്ചാൽ മാത്രം മതിയെന്നും പലർക്കും അഭിപ്രായമുണ്ടായിരുന്നു. ആ അഭിപ്രായ ഭിന്നതകളെ മറികടന്ന് സമരം മുന്നോട്ട് പോയെങ്കിലും സമരമാർഗ്ഗത്തെക്കുറിച്ചുള്ള അത്തരം അവ്യക്തതകൾ പലപ്പോഴും സമരത്തെ ദുർബലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത് സമരത്തിനോട് ചേർന്ന് നിന്നുകൊണ്ട് മാത്രം വിലയിരുത്താൻ കഴിയുന്ന കാര്യമാണ്. വിശാലമായ കാഴ്ചപ്പാടിൽ നോക്കിയാൽ സമരം വളരെ ശക്തമായി തുടരുന്നു എന്നതാണ് ശരി. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ സമരത്തിന്റെ വിജയമാണല്ലോ. നൂറ് കണക്കിന് സംഘടനകൾ പങ്കെടുത്തിട്ടുള്ള സമരമാണ് പ്ലാച്ചിമട സമരം. സംഘടനകൾക്കെല്ലാം പല ഫോക്കസുകളാണ് ഉണ്ടായിരുന്നത് എന്നതും സമരത്തെ ദുർബലപ്പെടുത്തിയിട്ടുണ്ട്. പ്ലാച്ചിമട സമരം മുന്നോട്ട് വച്ച ആവശ്യങ്ങളോട് നീതി പുലർത്തിയിരുന്ന സംഘടനകൾ വളരെ കുറവാണ്. പ്രത്യേകിച്ച് വിഭവത്തിന്റെ അധികാരവുമായി ബന്ധപ്പെട്ട രാഷ്ട്രീയം ഉയർത്തിക്കൊണ്ടുവരുന്നതിൽ സംഘടനകൾക്ക് പലർക്കും താത്പര്യമുണ്ടായിരുന്നില്ല. കോളയ്ക്കെതിരെ ഞങ്ങളുമുണ്ട് എന്നു പറഞ്ഞാൽ ഐക്യദാർഢ്യമാകില്ലല്ലോ. ഒരു കോർപ്പറേറ്റ് കമ്പനിക്കെതിരെ ചുമത്തപ്പെട്ടിട്ടുള്ള ഏറ്റവും ശക്തമായ കുറ്റപത്രമാണ് പ്ലാച്ചിമടയിലെ ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട്. ആ റിപ്പോർട്ട് പ്രകാരം കരിമ്പട്ടികയിൽ പെടുത്തേണ്ട കമ്പനിയാണ് കൊക്കക്കോള. ആ ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിനെ വെല്ലുവിളിക്കുന്ന നടപടിയാണ് കൊക്കക്കോളയ്ക്ക് നികുതി ഇളവ് നൽകുന്നതിലൂടെ വ്യവസായ വകുപ്പ് ചെയ്തിരിക്കുന്നത്. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിലവിൽ വന്നതിലൂടെ കൊക്കക്കോള ദുർബലമായി നിൽക്കുന്ന സമയത്താണ് സർക്കാർ അവർക്ക് അനുകൂലമായി നടപടിയെടുക്കുന്നത് എന്നതാണ് വിരോധാഭാസം.

**3.** പ്രത്യക്ഷത്തിൽ സമരത്തിന്റെ തീവ്രത കുറഞ്ഞിട്ടുണ്ടെങ്കിലും പങ്കാളിത്തത്തിന്റെ തീവ്രത കുറഞ്ഞിട്ടില്ല. കൊക്കക്കോള ശിക്ഷിക്കപ്പെടുകയും നഷ്ടപരിഹാരം നേടിയെടുക്കുകയും ചെയ്യുന്നതുവരെ സമരം തുടരാൻ പ്ലാച്ചിമട ജനത തയ്യാറാണ്. അവർക്ക് ശാക്തികമായ പിന്തുണ വേണ്ടത്ര നൽകാൻ ഐക്യദാർഢ്യ സമിതിക്ക് കഴിഞ്ഞുണ്ടോ എന്നത് സംശയമാണ്. പ്ലാച്ചിമട ജനതയ്ക്കുള്ള ശക്തിയെപ്പോലും പലപ്പോഴും വേണ്ട വിധത്തിൽ തിരിച്ചറിയാൻ ഐക്യദാർഢ്യ പ്രവർത്തകർക്ക് കഴിഞ്ഞിട്ടില്ല. ഭൂമി പിടിച്ചെടുക്കൽ സമരത്തിന്റെ ഭാഗമായി കോള കമ്പനിക്കുള്ളിൽ പ്രവേശിക്കാനും അവിടെ കൃഷിയിറക്കി കുടിൽ കെട്ടി താമസിച്ച് സമരം ചെയ്യാനും പ്ലാച്ചിമടക്കാർ തയ്യാറായിരുന്നു. അതിൽ കുറഞ്ഞ ഒരു സമരവുമായി മുന്നോട്ട് പോകാൻ കഴിയില്ല എന്ന സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഐക്യദാർഢ്യ പ്രവർത്തകർ പലരും അവർക്ക് അതിന് കഴിയുമോ എന്നതിൽ ആശങ്കയുള്ളവരായിരുന്നു. ആശങ്കയുമായി സമരത്തിന് മുന്നോട്ട് പോകാൻ പ്രയാസമാ

ണ്. കോളയുടെ 40 ഏക്കർ ഭൂമി കയ്യേറി കൃഷിയിറക്കിയിരുന്നെങ്കിൽ പ്ലാച്ചിമട പ്രശ്നം പരിഹരിക്കപ്പെടുമായിരുന്നു എന്നല്ല പറയുന്നത്. പക്ഷെ ആ സമരം കോർപ്പറേറ്റുകളെ സഹായിക്കുന്ന ഭരണകൂടത്തിന് ഒരു ശക്തമായ താക്കീതായി മാറുമായിരുന്നു. പക്ഷെ, അനിവാര്യമായിരുന്നിട്ടും അത്തരമൊരു തീരുമാനം നടപ്പിലാക്കുന്നതിൽ ഐക്യദാർഢ്യ സമിതിക്ക് ശേഷിക്കുറവുണ്ടായിരുന്നു.

**4.** പ്ലാച്ചിമട ജനതയെ തീർച്ചയായും ശാക്തീകരിക്കാൻ സമരത്തിന് കഴിഞ്ഞിട്ടുണ്ട്. സമരം തുടങ്ങുന്നതിന് മുമ്പ് പ്രാദേശിക രാഷ്ട്രീയക്കാർ അവരുടെ സ്ഥാപിത താത്പര്യങ്ങൾക്ക് വേണ്ടി പ്ലാച്ചിമടയിലെ ജനങ്ങളെ അടിമകളായി വച്ചിരുന്ന സ്ഥിതിയായിരുന്നു ഉണ്ടായിരുന്നത്. ആ അവസ്ഥയിൽ നിന്നും അവർ ഒരുപാട് പുരോഗമിച്ചു. രാഷ്ട്രീയമായി വളരെയധികം ഉന്നമനം അവർക്കുണ്ടായി. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ  നടത്തിയ പ്ലാച്ചിമ ജലാധികാരയാത്രയിൽ എല്ലാ തെരുവുകളിലും നിന്ന് പ്ലാച്ചിമടയുടെ രാഷ്ട്രീയം കേരള ജനതയോട് സംസാരിച്ചത് പ്ലാച്ചിമടയിൽ നിന്നുള്ള അമ്മമാരായിരുന്നു എന്നോർക്കണം. പ്ലാച്ചിമടയിലെ ജനങ്ങൾ ബഹുരാഷ്ട്ര കുത്തകകമ്പനിയെ പരാജയപ്പെടുത്തിയതിലൂടെ നേടിയെടുത്ത ആ രാഷ്ട്രീയ ശേഷിയെ വേണ്ടവിധം മുന്നോട്ട് കൊണ്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പ്ലാച്ചിമടക്കാർ കൈവരിച്ച ഈ ശക്തിയെ പ്രാദേശിക രാഷ്ട്രീയ നേതൃത്വങ്ങൾ ഭയപ്പെടുന്നുണ്ട്. എന്നും ജനങ്ങൾ അവരുടെ ദാസ്യരായി തുടരണമെന്ന ആഗ്രഹം ഇപ്പോൾ പ്ലാച്ചിമടയിൽ വിലപ്പോകില്ലെന്ന് അവർക്കറിയാം. രാഷ്ട്രീയ വിധേയത്വം മറികടന്ന് അനീതികളെ ചോദ്യം ചെയ്യാനുള്ള കരുത്ത് ഇന്ന് പ്ലാച്ചിമടക്കാർക്ക് ഏറെയുണ്ട്. അധികാരമുപയോഗിച്ച് ജനങ്ങളെ ഭീഷണിപ്പെടുത്തിയും ദ്രോഹിച്ചും തങ്ങളുടെ വരുതിയിലാക്കാനാണ് ഇപ്പോൾ പ്രാദേശിക രാഷ്ട്രീയ നേതൃത്വം ശ്രമിക്കുന്നത്. കഴിഞ്ഞ ദിവസം കൊക്കക്കോളയ്ക്ക് നികുതി ഇളവ് അനുവദിച്ചതിനെതിരെ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് മാർച്ച് നടത്തിയ പ്ലാച്ചിമടക്കാർക്ക് ലോറി വെള്ളം കൊടുക്കേണ്ട എന്ന് പഞ്ചായത്ത് മെമ്പർ പറഞ്ഞ സംഭവം അവിടെയുണ്ടായി. ആ രീതിയിൽ അടിസ്ഥാന ആവശ്യങ്ങൾ പോലും നിഷേധിച്ചുകൊണ്ട്, സമരത്തിലൂടെ ശക്തരായിത്തീർന്ന പ്ലാച്ചിമട ജനതയെ ദുർബലപ്പെടുത്താനുള്ള പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ ഗുണ്ടായിസം മറ്റൊരു വശത്ത് നടക്കുന്നുമുണ്ട്.

**5.** പ്ലാച്ചിമടയിൽ ചെയ്യാനുള്ള സഹനസമരങ്ങളെല്ലാം ചെയ്തുകഴിഞ്ഞു എന്ന് പറയുന്നതിൽ അർത്ഥമില്ല. അന്തിമമായ  അഹിംസാത്മ സമരം നടത്താനുള്ള പ്രാപ്തിയിലേക്കെത്താൻ പ്ലാച്ചിമട സമരം ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. ജനകേന്ദ്രീകൃതമായ രാഷ്ട്രീയ വ്യവസ്ഥയിലൂടെ വേണം ആ അഹിംസാത്മക സമരം യാഥാർത്ഥ്യമാകാൻ. അത്തരമൊരു രാഷ്ട്രീയത്തെക്കുറിച്ചുള്ള അവ്യക്തത ഇപ്പോഴും പ്ലാച്ചിമട സമരത്തിൽ നിഴലിക്കുന്നുണ്ട്. അതുകൊണ്ടാണ് അവിടെ ആദിവാസി ഊരുക്കൂട്ടത്തെയോ ഗ്രാമസഭകളെയോ നമുക്ക് ശക്തിപ്പെടുത്താൻ കഴിയാതെ പോയത്. ഗാന്ധിയൻ സമീപനത്തിലൂടെയുള്ള സമരത്തിനാണ് അത് സാധ്യമാകുന്നത്.

**6.** അനിശ്ചിതത്വമൊന്നും പ്ലാച്ചിമട സമരത്തെ ബാധിച്ചിട്ടില്ല. പ്ലാച്ചിമട സമരം വിജയത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ് എന്നാണ് ഓരോ ഘട്ടത്തിലും മനസ്സിലാക്കാൻ കഴിയുന്നത്. ബഹുരാഷ്ട്ര കോർപ്പറേറ്റിനെതിരെ ഇത്ര വലിയ ജനവികാരം ലോകത്തെവിടെയും അപൂർവ്വമാണ്. ചില കിതപ്പുകൾ ചില സമയങ്ങളിലുണ്ടായെന്ന് മാത്രം. നീണ്ടു നിൽക്കുന്ന സമരങ്ങളിൽ അത്തരം ഉയർച്ചതാഴ്ചകൾ സ്വാഭാവികമാണ്. പ്ലാച്ചിമടയിലെ സമരമുഖം പ്രബലമാകുന്നതിനൊപ്പം പുറത്ത് കാമ്പയിൻ വർക്കുകൾ കാര്യക്ഷമമായി നടക്കുകയും വേണം.

**7.** രാഷ്ട്രീയ പാർട്ടികൾക്ക് മേൽ സമ്മർദ്ദമില്ലാത്തതിനാലാണ് അവർ ഈ വിഷയത്തിൽ നിലപാടില്ലാത്തത്. വോട്ട് ചോർന്നുപോകുമെന്നും തങ്ങളുടെ മുഖം വികൃതമാകുമെന്നുമുള്ള സാഹചര്യം സംജാതമാകുമ്പോഴാണ് രാഷ്ട്രീയപാർട്ടികൾ എപ്പോഴും നിലപാടെടുത്തിട്ടുള്ളത്. പ്ലാച്ചിമടയിൽ സമരത്തിന് എതിരായിരുന്ന രാഷ്ട്രീയകക്ഷികൾക്കെല്ലാം  പിന്നീട് പന്തലിൽ വരേണ്ട സാഹചര്യമുണ്ടായത് ജനങ്ങൾക്ക് മുന്നിൽ മറുപടി പറയേണ്ടിവരും എന്ന അവസ്ഥയുണ്ടായപ്പോഴാണ്. അത്തരമൊരു സമ്മർദ്ദം ഇന്ന് പ്ലാച്ചിമടയിൽ നിന്നും അവർക്ക് മേലുണ്ടാകുന്നില്ല. സമ്മർദ്ദമുണ്ടായാൽ പ്ലാച്ചിമടയെ അവഗണിക്കാൻ അവർക്കാർക്കും കഴിയില്ല. കൊക്കക്കോളയുടെ ഭൂമിയിൽ പ്രവേശിച്ച് അറസ്റ്റിലായ പ്രവർത്തകർ വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുമ്പോൾ മൂന്ന്

തവണയാണ് വി.എം. സുധീരൻ ഞങ്ങളെ കാണാൻ വന്നത്. സമരപ്രവർത്തകർ ത്യാഗമനുഭവിക്കാൻ തയ്യാറായാൽ മാത്രമെ അത്രമൊരു സമ്മർദ്ദം അവിടെ രൂപപ്പെടുകയുള്ളൂ.

**8.** ട്രിബ്യൂണൽ യാഥാർത്ഥ്യമാകാതെ പോകുന്ന തരത്തിൽ തടസ്സങ്ങളൊന്നും നിലനിൽക്കുന്നില്ല എന്നാണ് എനിക്ക് കാണാൻ കഴിയുന്നത്. കേരളത്തിൽ തന്നെ യാഥാർത്ഥ്യമാകേണ്ട നിയമം കേന്ദ്രത്തിന്റെ അനുമതിക്കായി ഡൽഹിയിലേക്ക് അയച്ച നടപടിയിൽ പോലും കോളയുടെ സ്വാധീനമുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ബില്ലുമായി ബന്ധപ്പെട്ട എല്ലാ കേന്ദ്ര മന്ത്രിസഭകളും മറുപടി കൊടുത്തിട്ടും ആഭ്യന്തര മന്ത്രാലയം രാഷ്ട്രപതി ഒപ്പിടുന്നതിനായി ബിൽ അയയ്ച്ചുകൊടുക്കാത്തതാണ് താമസം വരുന്നതിന് കാരണം. കോർപ്പറേറ്റ് മൂലധനം ഇന്ത്യയിലേക്ക് ആവോളം ഒഴുക്കുക എന്ന നയം സ്വീകരിച്ചിരിക്കുന്ന സർക്കാറാണ് കേന്ദ്രം ഭരിക്കുന്നത് എന്നതാണ് കാലതാമസത്തിന് കാരണമാകുന്നത്. പക്ഷെ ആ രീതിയിലൊന്നും രക്ഷപെടാമെന്ന് കൊക്കക്കോള പ്രതീക്ഷിക്കേണ്ട. കുറ്റവാളിയായ കോള ശിക്ഷിക്കപ്പെടുക എന്നത് പ്രകൃതി നിയമമാണ്, എല്ലാ അതിജീവന പോരാട്ടങ്ങളുടെയും ആവശ്യകതയാണ്. അത് സംഭവിക്കുക തന്നെ ചെയ്യും.

**9.** പ്ലാച്ചിമടയ്ക്ക് പരമാവധി നീതി ലഭ്യമാക്കാൻ11 വർഷമായി നടക്കുന്ന ജനകീയ സമരത്തിന് കഴിഞ്ഞിട്ടുണ്ട്. ലോകത്തെവിടെയും നീതിക്കുവേണ്ടി അതിജീവന പോരാട്ടങ്ങൾ നടത്തുന്നവർക്ക് കരുത്ത് പകരാൻ പ്ലാച്ചിമട സമരത്തിന് കഴിഞ്ഞു. കോള പോലെയുള്ള ഒരു കോർപ്പറേറ്റിന്റെ ഹിംസയ്ക്കെതിരെ ജനകീയ സമരത്തിന് വിജയം കൈവരിക്കാനാകുമെന്ന് പ്ലാച്ചിമട തെളിയിച്ചു. സമരത്തിന്റെ ശക്തിയും ദൗർബല്യങ്ങളും വ്യക്തമായി തിരിച്ചറിഞ്ഞുകൊണ്ടുവേണം ഇനി മുന്നോട്ട് പോകേണ്ടത്.

**10.** പ്രത്യക്ഷത്തിൽ പഞ്ചായത്തീരാജ് തത്വങ്ങളെ പരിഷ്കരിക്കാനോ നിയമഭേദഗതി കൊണ്ടുവരാനോ പ്ലാച്ചിമട സമരത്തിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്തുകളിൽ നിന്നും അധികാരങ്ങൾ തിരിച്ചെടുത്ത ഇ.കെ. നായനാർ സർക്കാറിന്റെ നടപടിയാണ് പ്ലാച്ചിമട പ്രശ്നത്തിനുള്ള അടിസ്ഥാന കാരണം. പഞ്ചായത്തിന്റെ തീരുമാനത്തെ വെല്ലുവിളിക്കാൻ കൊക്കക്കോളയ്ക്ക് കഴിയുന്നത് അതുകൊണ്ടാണ്. ഇപ്പോൾ സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതും അതിന്റെ മേലാണ്. വിഭാവാധികാരം എന്ന ചിന്തയെ പ്രോജ്ജ്വലിപ്പിക്കാൻ പ്ലാച്ചിമട സമരത്തിന് കഴിഞ്ഞിട്ടുണ്ട്, തീർച്ചയായും അതിന് ഫലമുണ്ടാകും. ■

# കോർപ്പറേറ്റുകളോടുള്ള വിധേയത്വം

**ഡോ. പി. എസ്. പണിക്കർ**

(പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)

**1.** നമ്മുടെ ഭരണ-പ്രതിപക്ഷ കക്ഷികൾക്ക് ഇച്ഛാശക്തി ഇല്ല എന്നതാണ് കോളയുടെ ദുഃസ്വാധീനങ്ങൾ വർദ്ധിക്കാൻ കാരണം. അല്ലാതെ കോളയുടെ സ്വാധീനശേഷിയുടെ വിജയമാണെന്ന് പറയാൻ കഴിയില്ല. ജനകീയ സമരത്തിന്റെ ചില പരിമിതികൾ പ്ലാച്ചിമട സമരത്തിനും ഉണ്ടെന്നുമാത്രം. കേരള നിയമസഭ പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കുന്നതിന് സ്പീക്കർക്കും മുഴുവൻ സഭാ അംഗങ്ങൾക്കും ബാധ്യതയുണ്ട്. എന്നാൽ അവരിപ്പോൾ അക്കാര്യത്തിൽ മനഃപൂർവ്വമായ മൗനം പാലിക്കുകയാണ്. എന്നാൽ വരും തലമുറയോട് അവർ ഉത്തരം പറയേണ്ടിവരും. നിയമസഭാ മ്യൂസിയത്തിൽ സൂക്ഷിച്ച് വയ്ക്കാനല്ല ബിൽ പാസാക്കിയിരിക്കുന്നത്.

**2.** പ്ലാച്ചിമട സമരം ദുർബലമായി എന്ന് പറയാൻ കഴിയില്ല. എല്ലാ ജനകീയ സമരങ്ങൾക്കും സംഭവിക്കുന്ന സ്വാഭാവിക ചില ഉയർച്ച താഴ്ചകൾ മാത്രമാണ് പ്ലാച്ചിമട സമരത്തിനും ഉണ്ടായിരിക്കുന്നത്. സൈലന്റ് വാലി സമരത്തിന് ശേഷം കേരളം കണ്ട ഏറ്റവും നീണ്ടുനിന്ന ജനകീയ സമരമാണ് പ്ലാച്ചിമടയിലേത് എന്ന വസ്തുത തള്ളിക്കളയാനാകില്ല.

**3.** മുൻപ് നടന്നിരുന്നത് പോലെയുള്ള ശക്തമായ സമരങ്ങൾ പ്ലാച്ചിമടയിൽ ഇന്ന് നടക്കുന്നില്ല എന്നത് വാസ്തവമാണ്. സമരത്തിന്റെ പ്രവർത്തനതോത് എല്ലാക്കാലവും ഒരുപോലെ സൂക്ഷിക്കാൻ ഐക്യദാർഢ്യ സമിതിക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. എന്നാൽ അതൊന്നും പ്ലാച്ചിമട സമരത്തിന് ക്ഷീണമായിട്ടില്ല. കമ്പനിയുടെ പിണിയാളുകൾ സമരപന്തൽ കത്തിച്ചിട്ടും പ്ലാച്ചിമട സമരപ്രവർത്തകരുടെ  വീടുകൾ അടിച്ച് തകർത്തിട്ടും അവരെ മർദ്ദിച്ചിട്ടും സമരം ശക്തമായി തിരിച്ചുവരവ് നടത്തിയിട്ടുണ്ട്.